# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1825 | 07.03.2018 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## മെഡിക്കൽ കോളേജുകളിൽ ചികിത്സ ലഭിക്കാതെയും, ഡോക്ടർമാരുടെ അശ്രദ്ധമൂലവുമുള്ള മരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ ലഭിക്കാതെയും, ഡോക്ടർമാരുടെ അശ്രദ്ധമൂലവും എത്ര ആളുകൾ മരണമടഞ്ഞിട്ടുണ്ടെന്നുള്ള വിശദവിവരം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ രണ്ടാം വർഷ എം.ബി.ബി.എസ് വിദ്യാർത്ഥിനിയായിരുന്ന കുമാരി ഷംന തസ്നിം 18.07.2016 ൽ എറണാകുളം മെഡിക്കൽ കോളേജിൽ വച്ച് മരണമടഞ്ഞിട്ടുണ്ട്. ഈ മരണം ഉപകരണങ്ങളുടെ അഭാവവും, ചികിത്സാ പിഴവും എന്ന ആരോപണത്തിന് ഇടയായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ വെന്റിലേറ്റർ സൗകര്യം ഒഴിവില്ലാത്തതിനാൽ ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്യുവാൻ നിർവ്വാഹമില്ലാതെ തമിഴ് നാട് സ്വദേശി ശ്രീ.മുരുകൻ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ആദിവാസിയായ ശ്രീ.കണ്ടൻ എന്നിവർ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത മരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) ഉണ്ട്. കുമാരി ഷംന തസ്നിമിന്റെ മരണത്തോടനുബന്ധിച്ച് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം പ്രൊഫസറും വകുപ്പ് മേധാവിയുമായ ഡോ.ജിൽസ് ജോർജ്ജിനെ 20.04.2017 ലെ സ.ഉ.(സാധാ)നം.1120/2017/ആകുവ പ്രകാരം സർവ്വീസിൽ നിന്നും മാറ്റി നിർത്തിക്കൊണ്ട് ഉത്തരവാകുകയുണ്ടായി. എന്നാൽ 13.10.2017 ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 1007/2017 നം.ഹർജിയിന്മേലുള്ള ഉത്തരവനുസരിച്ച് സർവ്വീസിൽ നിന്നും മാറ്റി നിർത്തപ്പെട്ടിട്ട് ആറുമാസം കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ടിയാളെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. State level Apex Committee ഈ കേസ് വിശദമായി പരിശോധിക്കുകയും തുടർ നടപടികൾക്കായി പോലിസിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |

ശ്രീ.മുരുകൻ മരണപ്പെട്ടത് സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തുകയും ബന്ധപ്പെട്ട ഡോക്ടറോട് വിശദീകരണം ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ശ്രീ.കണ്ടൻ മരണപ്പെട്ടത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആരോപണത്തിൽ പ്രാഥമിക അന്വേഷണം നടത്തുകയും, ഓർത്തോപീഡിക് കാഷ്വാലിറ്റിയിലെ മെഡിക്കൽ ഓഫീസറേയും സർജറി വിഭാഗം ഡോക്ടറേയും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും വിശദമായ അന്വേഷണം നടത്തുന്നതിന് മൂന്നംഗ അന്വേഷണ സംഘത്തെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (സി) ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് കാര്യക്ഷമമായ ചികിത്സ ലഭ്യമാക്കുന്നതിനുള്ള വിദഗ്ധ പരിശീലനം ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റ് ജീവനക്കാർക്കും നൽകി വരുന്നുണ്ട്. ജീവനക്കാരും രോഗി/കൂട്ടിരിപ്പുകാർ തമ്മിലുള്ള ആശയവിനിമയത്തിൽ ഉണ്ടാകുന്ന പാകപ്പിഴയാണ് കൂടുതൽ പരാതികൾക്കും അടിസ്ഥാനം. ആയത് ഒഴിവാക്കുന്നതിന് കാലാകാലങ്ങളിൽ പരിശീലനവും നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ